ബാർ ലൈസൻസ് ഫീ സംബന്ധമായ ആരോപണങ്ങൾ

297 (307) ശ്രീ. എളമരം കരീം :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ ലൈസൻസ് ഫീ കുറക്കാനായി മന്ത്രിമാരെ സ്വാധീനിച്ചതായും ഇതിനായി ബാറുടമകളിൽ നിന്ന് പണം പിരിച്ചെടുത്തതായും ബാർ ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ ഭാരവാഹികളുടേതായി പുറത്തുവന്ന വെളിപ്പെടുത്തലുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഭാരവാഹികൾ നല്കിയിരുന്നതായ മൊഴികൾ അവഗണിച്ചു കൊണ്ടാണ് വിജിലൻസ് അധികൃതർ നിലപാട് സ്വീകരിച്ചിട്ടുള്ളതെന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കാമോ ;

(സി) മന്ത്രിമാർക്ക് പണം കൊടുക്കാൻ ബാറുകാരിൽനിന്ന് പിരിച്ചെടുത്തതിന്റെയും കൊടുത്തതിന്റെയും തെളിവുകൾ തങ്ങളുടെ കയ്യിലുണ്ടെന്ന മൊഴികളിലൂടെ വെളിപ്പെട്ടിട്ടും അവ ശേഖരിക്കാൻ വിജിലൻസ് തയ്യാറാകാതിരുന്നത് എന്തുകൊണ്ടായിരുന്നുവെന്ന് അന്വേഷണവിധേയമാക്കാമോ ;

(ഡി) കൈക്കൂലി നൽകാൻ പണം ശേഖരിച്ചതും നൽകിയതും സംബന്ധിച്ച വ്യക്തവും വിശ്വസനീയവുമായ തെളിവുകളും മൊഴികളും ഉണ്ടായിട്ടും ഇതൊന്നും തന്റെ പരിഗണനാവിഷയമല്ലെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിലപാട് പ്രതികളെ രക്ഷിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നുവെന്നറിയാമോ ;

(ഇ) അന്വേഷണഘട്ടത്തിൽ വിജിലൻസ് ഉദ്യോഗസ്ഥർ മന്ത്രിമാർക്കെതിരെ തെളിവുകൾ ശേഖരിക്കാൻ വിസമ്മതിച്ച സാഹചര്യം ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന നിർണ്ണായകമായ വസ്തുക്കളും പരിഗണിച്ച് പരാതിയിൽ കൃത്യമായ വെരിഫിക്കേഷൻ നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) മൊഴികൾ അവഗണിച്ചിട്ടില്ല.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിയമപരമായരീതിയിലാണ് അന്വേഷണം നടത്തിയിട്ടുള്ളത്.

(ഡി&ഇ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിയമപരമായ അന്വേഷണം നടത്തിയിട്ടാണ് തക്കതായ തീരുമാനത്തിൽ എത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly